**അറിയിപ്പ്**

<u>ധനകാര്യ ബില്ലിന് ഭേദഗതി നൽകുന്നതിനുള്ള സമയം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 2021 ആഗസ്റ്റ് 12-ാം തീയതി സഭ മുമ്പാകെ വരുന്ന സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തപ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകളുടെ വകുപ്പുകൾക്കുള്ള ഭേദഗതികൾ നൽകേണ്ട അവസാന സമയം ഇന്ന് ഉച്ചകഴിഞ്ഞ് 3.00 മണി വരെയാണ് നിശ്ചയിച്ചിരുന്നത്. പ്രസ്തുത സമയം ദീർഘിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യമുന്നയിച്ച സാഹചര്യത്തിൽ ഭേദഗതികൾ നൽകേണ്ട സമയം ഇന്ന് വൈകുന്നേരം 6.00 മണിയായി ദീർഘിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പറയട്ടെ .....മൈക്ക് ഓഫ്.....

<u>മി. സ്പീക്കർ</u>: അങ്ങ് സമർപ്പിച്ച നോട്ടീസ് അനുവദിക്കുന്നില്ല. അത് വെള്ളിയാഴ്ച ഉന്നയിച്ചതും ഡിസ്പോസ് ചെയ്തതുമാണ്. അങ്ങ് നോട്ടീസ് നൽകിയത് അതിനാണ്. അങ്ങയുടെ ആവശ്യം ഭേദഗതിക്കുള്ള സമയമാണ്. അത് ദീർഘിപ്പിച്ചു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ......മൈക്ക് ഓഫ്.......

<u>മി. സ്പീക്കർ</u>: ഇത് ഡിസ്പോസ് ചെയ്ത കാര്യമാണ്.